പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **6492** — 11.07.2012 ൽ മറുപടിയ്ക്ക്

## എം. എം. മണിയുടെ പ്രസംഗം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ.കെ.ലതിക | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | എം.എം.മണിയുടെ പ്രസംഗം കുറ്റസമ്മതമൊഴിയായി കണക്കാക്കിയിട്ടുണ്ടോ ; | (എ) | Extra Judicial Confession ആയി കണക്കാക്കാം. |
| (ബി) | അദ്ദേഹത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്തത് എന്ത് അടിസ്ഥാനത്തിലാണ് ; | (ബി) | നേരിട്ട് കേസ്സെടുക്കാവുന്ന കുറ്റകൃത്യം സംബന്ധിച്ച വെളിപ്പെടുത്തൽ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തത്. |
| (സി) | ഇന്ത്യൻ നിയമവ്യവസ്ഥയിൽ കുറ്റസമ്മത മൊഴിയെക്കുറിച്ച് പറയുന്നതെന്താണെന്ന് വ്യക്തമാക്കാമോ ; | (സി) | കുറ്റസമ്മതം (Confession) എന്ന വാക്ക് 1872-ലെ ഇന്ത്യൻ തെളിവ് നിയമത്തിൽ 24 മുതൽ 29 വരെ വകുപ്പുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും 'കുറ്റസമ്മതം' അഥവാ 'confession' എന്ന പദം ഇന്ത്യൻ തെളിവ് നിയമത്തിൽ നിർവ്വചിച്ചിട്ടില്ല. എന്നാൽ, ഒരാൾ തനിയ്ക്കെതിരെയുള്ള കുറ്റമോ കുറ്റത്തിന്റെ ഘടകമായ വസ്തുതകളോ സമ്മതിച്ചുകൊണ്ട് നടത്തുന്ന പ്രസ്താവനയാണ് കുറ്റസമ്മതം അഥവാ Confession എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു കുറ്റസമ്മതമൊഴി 24-ാം വകുപ്പുപ്രകാരം പ്രസക്തമാകണമെങ്കിൽ അത് കുറ്റാരോപിതൻ പരപ്രേരണയില്ലാതെ നൽകിയതാവണം. അത് ശിക്ഷാവിധിക്ക് അടിസ്ഥാനമാകണമെങ്കിൽ ടി മൊഴി ശരിയാണെന്ന് തെളിയണം. |

....2

| | | | |
|---|---|---|---|
| (ഡി) | പൊതുവേദിയിലെ പ്രസംഗം കുറ്റ സമ്മതമൊഴിയായി കണക്കാക്കാ മെന്ന് ഇന്ത്യൻ നിയമവ്യവസ്ഥയിലെ ഏതെങ്കിലും വകുപ്പ് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ ? | (ഡി) | പൊതുവേദിയിലെ പ്രസംഗത്തിൽ തങ്ങൾ കുറ്റം ചെയ്തിട്ടുണ്ട് എന്ന രീതിയിലുള്ള പരാമർശങ്ങൾ പരപ്രേരണയില്ലാതെ നടത്തുന്ന കുറ്റസമ്മതമൊഴിയായി കണക്കാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ